"ഭരണ ഭാഷ - മാതൃഭാഷ"

<u>നം.എച്ച്2/35985/2016/ഡി.പി.ഐ.</u> പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. തീയതി 21.01.2017

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- പൊതു വിദ്യാഭ്യാസം – സംരക്ഷിത ജീവനക്കാരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച്

സൂചന :-
1 26.07.1999 ലെ സ.ഉ.(പി) നമ്പർ 175/99/പൊ.വി.വ
2 29.09.1999 ലെ സ.ഉ.(പി) നമ്പർ 240/99/പൊ.വി.വ.
3 27.03.2000 ലെ സ.ഉ.(പി) നമ്പർ 103/2000/പൊ.വി.വ.
4 26.03.2001 ലെ സ.ഉ.(പി) നമ്പർ 112/2001/പൊ.വി.വ.
5 29.01.2016 ലെ സ.ഉ.(പി) നമ്പർ 29/2016/പൊ.വി.വ.
6 03.12.2016 ലെ സ.ഉ.(പി) നമ്പർ 199/2016/പൊ.വി.വ.

**********

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ആകെയുള്ള സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഇതിനായി സംരക്ഷിത ജീവനക്കാരുടെ വിശദാംശങ്ങൾ ശേഖരിക്കാൻ ഉദ്ദേശിക്കുന്നു. ഐ.റ്റി@സ്കൂളിന്റെ വെബ്സൈറ്റിലൂടെയാണ് ഈ വിവരങ്ങൾ ശേഖരിക്കുന്നത്. ഇതിനായി തസ്തിക നഷ്ടമായതും സംരക്ഷണത്തിന് അർഹതയുള്ളതുമായ മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ സൈറ്റിൽ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്റർ ചെയ്യണം. താഴെ പറയുന്ന വിഭാഗം ജീവനക്കാർക്കാണ് നിലവിൽ സംരക്ഷണം അനുവദിച്ചിട്ടുള്ളത് എന്ന കാര്യം പ്രത്യേകം ഓർക്കുക.

1. 31.03.2011 ന് നിയമനാംഗീകാരത്തോടെ റഗുലർ സർവ്വീസിൽ തുടർന്ന അധ്യാപകർ/ അനധ്യാപകർ.
2. അധ്യാപക പാക്കേജ് വഴി 01.06.2011 മുതൽ നിയമനാംഗീകാരം ലഭിച്ച അധ്യാപകർ/ അനധ്യാപകർ.

3. മുൻകാല സംരക്ഷണ ഉത്തരവുകൾ വഴി (സൂചന 1 മുതൽ 3 വരെയുള്ള ഉത്തരവുകൾ വഴിയോ മറ്റേതെങ്കിലും ഉത്തരവ് വഴിയോ) സംരക്ഷണം ലഭിച്ചിട്ടുള്ള അധ്യാപകർ/ അനധ്യാപകർ
4. അധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ച്ഡ് അധ്യാപകർ.
5. അധ്യാപക പാക്കേജിന്റെ ഭാഗമായി, തസ്തികയില്ലാതെ മറ്റ് സ്കൂളുകളിൽ വിന്യസിക്കപ്പെട്ട് ശമ്പളം വാങ്ങുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകർ.
6. 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, സ്ഥലംമാറ്റം, പ്രൊമോഷൻ എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ട് സൂചന (5) ലെ ഉത്തരവിലെ ഖണ്ഡിക II(2) ലെ അനുപാത പ്രകാരം അംഗീകരിക്കപ്പെട്ടവർ.

വിദ്യാഭ്യാസ ജില്ലയിലെ/ഉപജില്ലയിലെ മേൽ പറഞ്ഞ വിഭാഗങ്ങളിലെ ഒരു സംരക്ഷിത ജീവനക്കാരന്റെയും വിവരങ്ങൾ വിട്ടുപോകാതെ സൈറ്റിൽ എന്റർ ചെയ്യുക എന്നുള്ളത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഉത്തരവാദിത്തമാണ്. 21.01.2017 ശനിയാഴ്ച മുതൽ സൈറ്റിൽ വിവരങ്ങൾ എന്റർ ചെയ്യാനുള്ള പേജുകൾ ലഭ്യമാകും.

**ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ചെയ്യേണ്ടത്**

- ഐ.റ്റി@സ്കൂളിന്റെ വെബ്സൈറ്റിൽ (www.itschool.gov.in) ലഭ്യമാകുന്ന 6th Working day 2016 എന്ന ലിങ്കിൽ 'സമ്പൂർണ'യുടെ യൂസർ നെയിം, പാസ്സ്‌വേർഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യുക.
- ഇടതു വശത്ത് രണ്ടാമതായി കാണുന്ന List of Protected Employees എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. ബന്ധപ്പെട്ട ജില്ലയിലെ/ഉപജില്ലയിലെ സ്കൂൾ ലിസ്റ്റ് ദൃശ്യമാകും.
- സംരക്ഷിത ജീവനക്കാർ ഉള്ള സ്കൂളുകൾ ഓരോന്നായി ക്ലിക്ക് ചെയ്യുക. സ്കൂളിന്റെയും മാനേജുമെന്റിന്റെയും വിവരങ്ങൾ എന്റർ ചെയ്യാനുള്ള പേജ് ദൃശ്യമാകും. സ്കൂളിന്റെ വിവരങ്ങൾ പേജിൽ തന്നെ ചേർത്തിട്ടുണ്ട്. മാനേജ്മെന്റ് സംബന്ധമായ വിവരങ്ങളാണ് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്റർ ചെയ്യേണ്ടതാണ്. ഇതിൽ Name of Management എന്ന കോളത്തിൽ, കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കാര്യത്തിൽ, മാനേജ്മെന്റിന്റെ പേര് അവരുടെ ലെറ്റർ ഹെഡിൽ പ്രിന്റ് ചെയ്തിരിക്കുന്നത് യാതൊരു വ്യത്യാസവുമില്ലാതെ അതേപടി ടൈപ്പ് ചെയ്യണം.(Capital/Small Letters, ചിഹ്നങ്ങൾ തുടങ്ങിയവയിൽ പോലും മാറ്റം പാടില്ല. പേരും അതിനോടൊപ്പം വരുന്ന ആദ്യത്തെ സ്ഥലപ്പേരും മാത്രം ടൈപ്പ് ചെയ്താൽ മതിയാകും) ഇക്കാര്യം വളരെ ശ്രദ്ധിക്കണം. സ്കൂൾ മാനേജ്മെന്റ് Individual ആണെങ്കിൽ ഇവിടെ സ്കൂളിന്റെ പേര് ടൈപ്പ് ചെയ്താൽ മതിയാകും.

- മൈനോറിറ്റി സ്റ്റാറ്റസ് ലഭിച്ചിട്ടുള്ള സ്കൂൾ ആണെങ്കിൽ Yes, അല്ലെങ്കിൽ No സെലക്ട് ചെയ്യുക.
- സംരക്ഷിത ജീവനക്കാർ ഇല്ലാത്ത സ്കൂളുകളുടെ കാര്യത്തിൽ NIL ഓപ്ഷൻ സെലക്ട് ചെയ്യുക.

  ഈ പേജിൽ എല്ലാ ഫീൽഡിലെയും വിവരങ്ങൾ എന്റർ ചെയ്തു കഴിഞ്ഞാൽ അവയിൽ തെറ്റില്ലെന്ന് ഉറപ്പുവരുത്തി Save ചെയ്യുക.

- പിന്നീട് Add Protected Employee Details എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ എന്റർ ചെയ്യുന്നതിനുള്ള പേജ് ദൃശ്യമാകും.
- ഇതിൽ Name of Employee, PEN എന്നിവ തെറ്റ് കൂടാതെ ടൈപ്പ് ചെയ്യുക. പേര് മുഴുവൻ Capital Letters ൽ ടൈപ്പ് ചെയ്യരുത്. (Seethalakshmi Amma K.S. എന്നത് ശരിയായ മാതൃക).
- Designation സെലക്ട് ചെയ്യണം. ഇവിടെ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. അധ്യാപക പാക്കേജ് വഴി നിയമിതരായ റിട്രഞ്ച്ഡ് അധ്യാപകർ 'C.R.C. Co-ordinator' ആണ്. അതുപോലെ അധ്യാപക പാക്കേജ് വഴി, തസ്തികയും നിയമനാംഗീകാരവും ഇല്ലാതെ, സർക്കാർ സ്കൂളുകളിലും മറ്റും വിന്യസിക്കപ്പെട്ട് അവിടെ തുടരുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകരാണെങ്കിൽ അവരുടെ തസ്തികകളുടെ ബ്രാക്കറ്റിൽ (Package) എന്നു കൂടിയുള്ളത് സെലക്ട് ചെയ്യുക. [ഉദാ:- Drawing Teacher (H.S - Package)].
- തസ്തിക നഷ്ടമായെങ്കിലും ഒന്നിലധികം സ്കൂളുകളിൽ പൂൾ ചെയ്ത് ഇപ്പോൾ നിലനിർത്തിയിരിക്കുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകരെ ലിസ്റ്റിൽ ഉൾപ്പെടുത്തി അവരുടെ വിവരങ്ങൾ എന്റർ ചെയ്യരുത്. ഇവരെ തസ്തിക നഷ്ടമായ സംരക്ഷിതാധ്യാപകരായി കാണേണ്ടതില്ല.
- എല്ലാ ഫീൽഡുകളും എന്റർ ചെയ്തു കഴിഞ്ഞാൽ save ചെയ്യുക. എല്ലാ ഫീൽഡിലെയും എൻട്രി പൂർത്തിയായാൽ മാത്രമേ save ചെയ്യാൻ കഴിയൂ. തുടർന്ന് ദൃശ്യമാകുന്ന ലിസ്റ്റ് സൂക്ഷ്മമായി പരിശോധിക്കുക. തെറ്റുകൾ കണ്ടെത്തിയാൽ Edit ബട്ടൺ ക്ലിക്ക് ചെയ്ത് എഡിറ്റ് ചെയ്യേണ്ടതാണ്.

  (സംശയങ്ങൾ ഉണ്ടാകാവുന്ന ഫീൽഡുകളിൽ നടത്തേണ്ട എൻട്രിയെക്കുറിച്ചു മാത്രമേ മുകളിൽ വിശദീകരിച്ചിട്ടുള്ളൂ. അവ കൂടാതെ വിവരങ്ങൾ എന്റർ ചെയ്യാനുള്ള ഫീൽഡുകൾ വേറെയുമുണ്ടെന്നത് മറക്കരുത്.)

<u>വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ചെയ്യേണ്ടത്.</u>

'സമ്പൂർണ'യുടെ User name, Password ഉപയോഗിച്ച് ലോഗിൻ ചെയ്ത് വിദ്യാഭ്യാസ ജില്ലയുടെ/ഉപജില്ലയുടെ പേരിൽ ക്ലിക്ക് ചെയ്താൽ റവന്യൂ ജില്ലയിലെ

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തയ്യാറാക്കിയ List of Protected Employees ദൃശ്യമാകും. അവ പരിശോധിക്കുക. തെറ്റുകൾ എന്തെങ്കിലും ശ്രദ്ധയിൽ പെട്ടാൽ ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ ഓഫീസർമാരിൽ നിന്ന് വിശദീകരണം വാങ്ങി ലിസ്റ്റ് എഡിറ്റ് ചെയ്യാവുന്നതാണ്. തുടർന്ന് പേരിനു നേരെയുള്ള view ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണോ എന്നു പരിശോധിച്ച് വിദ്യാഭ്യാസ ഉപ ഡയറക്ടർ confirm ചെയ്യണം.

വിവരങ്ങൾ എന്റർ ചെയ്യാനുള്ള പേജുകൾ 21.01.2017 മുതൽ ഐ.റ്റി@ സ്കൂളിന്റെ വെബ്സൈറ്റിൽ ലഭ്യമാകും. 23.01.2017 ന് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എൻട്രി പൂർത്തിയാക്കണം. 24, 25 തീയതികളിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർ ലിസ്റ്റ് പരിശോധിച്ച്, തെറ്റുണ്ടെങ്കിൽ തിരുത്തി confirm ചെയ്യണം. 27.01.2017 ന് സംരക്ഷിത ജീവനക്കാരുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ കഴിയണം. ആയതിനാൽ ഈ സമയക്രമത്തിൽ മാറ്റമൊന്നും വരുത്തരുത്. വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ വെരിഫിക്കേഷൻ നടത്തുമ്പോൾ (24/1, 25/1) ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിക്കുന്നത് നന്നായിരിക്കും.

**പുതിയതും പഴയതുമായ ഒരു സംരക്ഷിത ജീവനക്കാരൻ പോലും ലിസ്റ്റിൽപ്പെടാതെ ഒഴിവായിപ്പോകരുത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 14.07.1997 വരെ സംരക്ഷണം ലഭിച്ചവരിൽ ചിലർ ജില്ലകളിലെ സ്കൂളുകളിൽ അക്കാലത്ത് പുനർവിന്യസിക്കപ്പെട്ട് ഇപ്പോഴും തുടരുന്നുണ്ട്. ഇങ്ങനെയുള്ളവരെയൊക്കെ കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെടുത്താൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. ലിസ്റ്റ് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ confirm ചെയ്യുന്ന സമയത്ത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഒപ്പിട്ട, അവരുടെ ജില്ലയിലെ സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റ് കൂടി വാങ്ങണം.**

എൻട്രി നടത്തുമ്പോൾ എന്തു സംശയമുണ്ടായാലും വിളിക്കുക. 9446128780, 9446742346. സാങ്കേതിക സഹായത്തിന് ഐ.റ്റി @ സ്കൂൾ-0471 2529800

വിശ്വസ്തതയോടെ

**ജിമ്മി.കെ.ജോസ്**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്)
**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)**

കെ.ആർ/-